**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 2058** **17.12.2012-ൽ മറുപടിക്ക്.**

# പോലീസ് വകുപ്പിൽ വനിതാ വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് വകുപ്പിൽ വനിതാ വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) എവിടെയെങ്കിലും ഇതിനകം ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് ആരംഭിച്ചത് ; | : (എ) & (ബി)<br>ജനമൈത്രീ സുരക്ഷാ സംവിധാനം (കമ്മ്യൂണിറ്റി പോലീസിംഗ്) നടപ്പിൽ വരുത്തിയ ആദ്യ മൂന്ന് ഘട്ടങ്ങളിലെ 148 പോലീസ് സ്റ്റേഷനുകളിൽ വനിതാ വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 148 പോലീസ് സ്റ്റേഷനുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ? | : (സി) സ്ത്രീകൾക്കും, കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾക്കെതിരെയും, ബാലവേലകൾക്കെതിരെയും വീടുകളിൽ സ്ത്രീകൾ പീഡിപ്പിക്കുന്നതിനെതിരെയും ലഘുലേഖകളിലൂടെയും ഓഡിയോ വിഷ്വലുകളിലൂടെയും മറ്റും നിയമ ബോധവൽക്കരണം നടത്തുക, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പെൺകുട്ടികളുടെ സ്കൂളുകൾ, സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ, ക്ലബ്ബുകൾ എന്നിവിടങ്ങളിൽ സെമിനാർ സംഘടിപ്പിക്കുക, സ്കൂളുകളിൽ വനിതാ ജാഗ്രതാ സമിതി രൂപീകരിക്കുക, ലൈംഗിക ചൂഷണത്തിനെതിരെയും മൊബൈൽ ഫോൺ ദുരുപയോഗത്തിനെതിരെയും ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ